# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# 2013-14,14-15 വർഷങ്ങളിലെ

# ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം.

**E-mail- auditlfdopkd@gmail.com**

നം.കെ.എസ്.എ.പി.കെ.ഡി.20/1103/2016

കേരള സംസ്ഥാന ഓഡിവകുപ്പ്
പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം
തീയതി- 31.07.2016

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് ( സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്ത് -2013-14,2014-15സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.20/1103/2016 തീയതി – 31.07.2016

**പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14,2014-15സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-05-2015മുതൽ 18-06-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ. വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.06.2016 മുതൽ 28.06.16 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.എം.ദിനേശൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി.ജമീല.കെ. കൊട്ടേക്കാട്ടിൽ | ഓഡിറ്റർ |
| | ശ്രീ.അബ്ദുൾ അലി കുന്നൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

**പ്രസിഡന്റ് :**

| പേര് | കാലയളവ് |
|---|---|
| ശ്രീ.സി.എം.അലി മാസ്റ്റർ | 1-04-2013 മുതൽ 03-06-2014 വരെ |
| ശ്രീ.പത്തിൽ മൊയ്തുണ്ണി<br>(ആക്ടിംങ് പ്രസിഡന്റ്) | 04-06-2014 മുതൽ 29-07-2014വരെ |
| ശ്രീ.സി.എച്ച്.ഷൗക്കത്തലി | 30-07-2014 മുതൽ 31-03-2015വരെ |

| സെക്രട്ടറി | |
|---|---|
| ശ്രീ.പി.സൈതലവി | 01.04.2013 മുതൽ 11.07.13 വരെ |
| ശ്രീ.ഡി.സുരേഷ് കുമാർ | 12.07.2013 മുതൽ 31.03.15 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.കെ.പി.ഗോപാലകൃഷ്ണൻ | 1-4-2013 മുതൽ 17-6-2013 വരെ |
| | ശ്രീമതി.കെ.കെ ശ്രീജ | 18-6-2013 മുതൽ 6-12-2013വരെ |
| | ശ്രീമതി.സുധ.എൻ.എസ് | 7-12-2013മുതൽ 31-3-2015 വരെ |
| കൃഷി ഓഫീസർ | ശ്രീ.എൻ.കെ.അജിത് മോഹൻ | 1-4-2013മുതൽ 31-3-2015 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.അജിതകുമാരി.എൻ | 1-4-2013മുതൽ 31-5-2015 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ശശിധരൻ പി.എസ് | 1-4-2013മുതൽ 30-4-2014 വരെ |
| | ശ്രീമതി.പി.ബീനാകുമാരി | 1-5-2014മുതൽ 31-3-2015വരെ |
| വി.ഇ.ഒ. | ശ്രീ.പി.ഇ.അബ്ദുൾ ജലീൽ | 1-4-2013മുതൽ 31-3-2015 വരെ |
| മെഡിക്കൽ ഓഫീസർ(PHC) | ഡോ.വിപിൻ കിഷോർ | 1-4-2013മുതൽ 31-3-2015 വരെ |
| മെഡിക്കൽ ഓഫീസർ(ISM) | ഡോ. ജയറാം | 1-4-2014മുതൽ 31-3-2015 വരെ |
| വെറ്ററിനറി സർജൻ | ഡോ.ടി.വി.അഷ്റഫ് | 1-4-2013മുതൽ 31-5-2013 വരെ |
| | ഡോ.എ.കെ.പ്രകാശ് | 1-6-2013മുതൽ 14-2-2014 വരെ |
| | ഡോ.ജെ.അനിതാ പ്രസാദ് | 15-2-2014മുതൽ 31-3-2015 വരെ |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2013-14 | 1/27-3-2013 | ഇല്ല |

| | | |
|---|---|---|
| 2014-15 | 1/26-2-2014 | ഇല്ല |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2013-14 | 31-7-2014 | 20-5-2014 | 17-10-2014 | 22-11-2014 |
| 2014-15 | 31-7-2015 | 30-7-2015 | 08-10-2015 | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 17-09-2014 | LF.P-21/851/14 (3)dated 16-10-2014 (വിശേഷണങ്ങളുള്ള സാക്ഷ്യപത്രം) |
| 2014-15 | 08-10-2015 | No.KSA-PKD- 21/1365/ 2015(3) dtd 9-2-2016 (നിരാകരണ സാക്ഷ്യപത്രം) |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2013-14 | 14931612 | 56617057 | 71548669 | 53382824 | 18165845 |
| 2014-15 | 18165845 | 70846113 | 89011958 | 66608569 | 22403389 |

## 1-5 ഫണ്ട് വിനിയോഗം

**2013-14**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 692840 | 7916000 | 8608840 | 7904173 | 704667 | 91.8 |
| വികസനഫണ്ട് (എസ്.സി.പി). | 3115125 | 5872000 | 8987125 | 6384906 | 2602219 | 71 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 905142 | 5056000 | 5961142 | 3787386 | 2173756 | 63.5 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 764286 | 1869000 | 2633286 | 1857889 | 775397 | 70.55 |
| KLSGDP | 1152500 | 2227000 | 3379500 | 1103213 | 2276287 | 32.6 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 439604 | 4071332 | 4510936 | 2383978 | 2126958 | 52.8 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5117344 | 6965066 | 12082410 | 6803638 | 5278772 | 56.3 |
| MGNREGS | 25370 | 2651901 | 2677271 | 2663194 | 14077 | 99.4 |
| ബി ഫണ്ട് | ---- | 12617880 | 12617880 | 12617880 | ---- | 100 |

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 704667 | 8495000 | 9199679 | 7695980 | 1503699 | 83.6 |
| വികസനഫണ്ട് (എസ്.സി.പി). | 2602219 | 6643000 | 9245219 | 5658026 | 3587193 | 61 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 2173756 | 5913000 | 8086756 | 7062856 | 1023900 | 87.3 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 775397 | 3500880 | 4276277 | 1544494 | 2731783 | 36 |
| KLSGDP | 2276287 | 2687000 | 4963287 | 2141537 | 2821750 | 43 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2126958 | 5383945 | 7710903 | 6477256 | 1233647 | 84 |
| ജനർൽ പർപ്പസ് ഗ്രാന്റ് | 5278772 | 8168063 | 13446835 | 8126306 | 5320529 | 60 |
| MGNREGS | 14077 | 404529 | 418606 | 399763 | 18843 | 95 |
| ബി ഫണ്ട് | --- | 21288709 | 21288709 | 21288709 | ---- | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2013-14 | 266 | 55060739 | 160 | 29285064 | ഇല്ല | 106 | 60 |
| 2014-15 | 286 | 60192589 | 194 | 35976773 | ഇല്ല | 92 | 67.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2013-14,2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| **2013-14** | | | | (+)/(-) |
| നികുതി വരവുകൾ | 2056083 | 2094973 | 38890 | 1.9 |
| നികുതിയേതര വരവുകൾ | 158612 | 205007 | 46395 | 29 |
| മറ്റുവരവുകൾ | 27500 | 62470 | 34970 | 127 |
| ആകെ | 2242195 | 2362450 | 120255 | 5.36 |
| **2014-15** | | | | |
| നികുതി വരവുകൾ | 2094973 | 4272172 | 2177199 | 104 |
| നികുതിയേതര വരവുകൾ | 205007 | 502318 | 297311 | 145 |
| മറ്റുവരവുകൾ | 62470 | 111430 | 48960 | 78.3 |
| ആകെ | 2362450 | 4885920 | 2523470 | 107 |

## 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2013-14 | | 2014-15 | |
|---|---|---|---|---|
| | ഗുണഭോക്താക്കളുടെഎണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം | ചെലവഴിച്ച തുക |
| തൊഴിൽരഹിത വേതനം | 34 | 23520 | 38 | 58320 |
| കർഷകതൊഴിലാളി പെൻഷൻ | 323 | 1536645 | 320 | 2247950 |
| വിധവാപെൻഷൻ | 769 | 6045547 | 955 | 8519872 |
| വാർദ്ധക്യകാലപെൻഷൻ | 337 | 1305480 | 1239 | 7429594 |
| വികലാംഗപെൻഷൻ | 245 | 2177761 | 259 | 2234260 |
| അവിവാഹിത പെൻഷൻ | 58 | 469857 | 64 | 530880 |
| വിവാഹ ധനസഹായം | 11 | 110000 | 3 | 90000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-06-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 930/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു)

## 1-10 ആഭ്യന്തരനിയന്ത്രണം.

<u>മാസ്റ്റർഇൻകുംബൻസി രജിസ്റ്റർ:</u> കൈമാറിക്കിട്ടിയ ആഫീസുകളിലെതുൾപ്പെടെ ഗ്രാമ പഞ്ചായത്തിലെ മൊത്തം ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പേര്, ഉദ്യോഗപ്പേര്, വീട്ട് മേൽവിലാസം ടെലിഫോൺ നമ്പർ, ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഒരു രജിസ്റ്ററിൽ

എഴുതി സൂക്ഷിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥന്മാർ സ്ഥലം മാറിപ്പോകുമ്പോൾ അക്കാര്യവും, ഏത് ഓഫീസിലേക്കാണ് പോയതെന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വേണം. ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനും ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതത്യാവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ്രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്റർ: സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്ന രീതിയില്ല രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.
പ്രൊക്യൂർമെന്റ് കമ്മിറ്റി

24-10-14നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്നിട്ടുള്ളത്. സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ഇരിപ്പിട സൗകര്യം, കുടിവെള്ളം, ടോയ് ലറ്റ് എന്നിവ ഇല്ല.

## 1-11 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് ദുരിതാശ്വാസനിധി പഞ്ചായത്ത് രൂപീകരിച്ചിട്ടുണ്ട്(അക്കൌണ്ട് നം.4287).ഓഡിറ്റ് കാലയളവിൽ ഈഇനത്തിൽ വരവുചെലവുകളൊന്നുമില്ല. 31-03-2015ലെ നീക്കിയിരിപ്പ് 7209/- രൂപയാണ്. ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും, അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-12 തെരുവ് വിളക്കുകളുടെ വൈദ്യൂതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിൽനിന്നും ഒടുക്കുന്ന വൈദ്യൂതിചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കുമാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ, സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-13 പൊതു ടാപ്പുകളുടെ വെള്ളക്കരം

പൊതുടാപ്പുകളൊന്നും പഞ്ചായത്തിൽ നിലവിലില്ല.

## 1-14 കുടിവെള്ള പദ്ധതികളുടെ പരിപാലനം

പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പൂർണ്ണമായും ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-12-2015 | 1-11-2015 to 30-11-2015 | 9-3-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-4-2001 to 9-5-2001 | 1997-98 to1999-00 | 29-6-2001 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ,ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളുടെ/വ്യക്തികളുടെ തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ /വ്യക്തിയുടെ പേര് | കാലയളവ് | തുക |
|---|---|---|---|
| 1 | മാവേലി സ്റ്റോർ , കുമരനെല്ലൂർ | 13/14,14/15 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി+ 13/14 ലെ ഒന്ന്, 14/15രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി | 5000 (സ്ഥാപന നികുതി) + തൊഴിൽ നികുതി |
| 2 | പോസ്റ്റ് ഓഫീസ്, കല്ലടത്തൂർ | 14/15 രണ്ട് അർദ്ധവർഷം | 1050 |
| 3 | എസ്.എ.എസ് ഓഡിറ്റോറിയം | 13/14 ഒന്ന്, 14/15രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി | 2500 |
| 4 | കുമരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 14/15രണ്ടാം അർദ്ധവർഷത്തെ സ്ഥാപന നികുതി | 1250 |
| 5 | ആധാരം എഴുത്തുകാരായ 1)എം.പി | 13/14, 14/15 ഒന്ന് രണ്ട് അർദ്ധവർഷങ്ങളിലെ | |

| | | | |
|---|---|---|---|
| | കൃഷ്ണൻ 2)എം.പി ഗോപാലകൃഷ്ണൻ 3)എം.ആർ ഹരിപ്രസാദ് 4)സി. മുരളി 5)സതി.വി.പി 6)ബീന കെ. 7) സുരേഷ് എം.8)വിപിൻ ചന്ദ്രൻ 9)സ്മിത എസ്. 10) ദിവ്യ വി.കെ | തൊഴിൽ നികുതി | |

## 2-2 ഡി&ഒ ലൈസൻസ്-അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2013-14 സാമ്പത്തിക വർഷത്തിലെ ഡി&ഒ ലൈസൻസുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. 20-06-2016 ന് 1-നമ്പറായും 25-06-2016 ന് 10-നമ്പറായും ഓഡിറ്റ് റിക്വസിഷനുകൾ നൽകിയിരുന്നു എങ്കിലും മേൽ പറഞ്ഞ അപേക്ഷകൾ പരിശോധനക്കായി ഹാജരാക്കി യിട്ടില്ല. ആയതിനാൽ ഡി&ഒ ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ ഡിമാന്റ്-കളക്ഷൻ- ബാലൻസ് എന്നിവയുടെ കൃത്യതയും ആധികാരികതയും ഉറപ്പ് വരുത്താനായിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ അപേക്ഷകൾ പരിശോധനക്കായി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ആയതിനാൽ ഡി ആന്റ് ഒ ലൈസൻസുമായി ബന്ധപ്പെട്ട ഭരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

ലൈസൻസ് പരിധിയിൽ വരേണ്ട സ്ഥാപനങ്ങൾ ചട്ട പ്രകാരം വർഷാവർഷങ്ങളിൽ ലൈസൻസ് പുതുക്കുന്നുണ്ടന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് ക്യാരി ഓവർ ചെയ്യേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നുണ്ടന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിന്റെ ഭാഗമായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

## 2-3 ബിൽഡിങ് പെർമിറ്റ് -മുൻഗണനാ ക്രമം പാലിക്കുന്നില്ല,തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നു

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് മുഖേനെ ലഭിക്കുന്ന പെർമിറ്റ് അപേക്ഷകളിൽ അപേക്ഷയുടെ മുൻഗണനയുടെ അടിസ്ഥാനത്തിലാണ് തീർപ്പ് കൽപ്പിക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള മുൻഗണനാക്രമം പഞ്ചായത്ത് പാലിക്കുന്നില്ല. 2011-ലെ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം.14 പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പെർമിറ്റ് ലഭിക്കുന്നതിലേക്കായി ലഭിച്ച ധാരാളം അപേക്ഷകൾ നാളിതുവരെ തീർപ്പാക്കാതെ ദീർഘകാലമായി പഞ്ചായത്ത് സൂക്ഷിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷാ നമ്പർ | അപേക്ഷാ തിയ്യതി | അപേക്ഷകന്റെ പേര് |
|---|---|---|---|
| 1 | 2688/15 | 16.8.15 | അബൂബക്കർ |
| 2 | 2527/15 | 20.5.15 | ജാഫർ |
| 3 | 2716/15 | 06.6.15 | ഹമീദ് പള്ളിശേരിക്കുഴിയിൽ |
| 4 | 2826/15 | 9.6.15 | ശ്രീദാസ് & രവി |
| 5 | 2954/15 | 17.6.15 | പാത്തുമ്മ |
| 6 | 2972/15 | 18.6.15 | ആബിദ |
| 7 | 3578/15 | 28.7.15 | റുകിയ്യ & റൈഹാന |
| 8 | 3073/15 | 25.6.15 | അലിമോൻ |

| | | | |
|---|---|---|---|
| 9 | 3074/15 | 25.6.15 | ഉമ്മർ |
| 10 | 3234/15 | 3.7.15 | കബീർ |

മേൽവിഷയത്തിൽ ആവശ്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കമ്പ്യൂട്ടർ സെർവ്വർ, പ്രിന്റർ എന്നിവ വാങ്ങൽ- അധികം നൽകിയ വില-87060/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രൊജക്ട് നമ്പർ -137 / 14

പ്രൊജക്ടിന്റെ പേര് – സദ്ഭരണം - സേവനം വർധിപ്പിക്കൽ

അടങ്കൽ ലോകബാങ്ക് ധനസഹായം-100000/-രൂപ

തനത് ഫണ്ട് – 600000/-രൂപ

ചെലവ് – 493050/-രൂപ

ലോക ബാങ്ക് ധനസഹായം- (1) 100000/- രൂപ

(ബിൽ നമ്പർ 32/13-14 , തീയ്യതി- 26.03.14)

തനത് ഫണ്ട് (2) 257700/- രൂപ

( വൗച്ചർ നമ്പർ 948/13-14 തീ. 30.03.14)

( സർവർ കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ സപ്ലൈ ചെയ്തതിന് ശ്രീ.ശശി.കെ. , ഐ.ടി .വിഷൻ കൊല്ലങ്കോടിന് നൽകിയ തുക- (ആകെ 357700 രൂപ)

തനത് ഫണ്ട് (3) 135350 രൂപ

(വൗച്ചർ നമ്പർ 1108/13-14 തീ. 09.01.14 ,

ചെക്ക് നം 241464 തീ. 10.01.14)

( ഓഫീസിലേക്കാവശ്യമായ ഫർണ്ണിച്ചർ, അലമാര, വാട്ടർകൂളർ എന്നിവ വാങ്ങിയതിന് ചെലവഴിച്ച തുക)

പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനം ഇല്ല.

ഭരണാനുമതി നമ്പറും തീയ്യതിയും 1(4)/ തീയ്യതി- 25-01-14 തുക373000

പഞ്ചായത്തിലേക്ക് ഫർണ്ണിച്ചർ, സർവ്വർ, യു.പി.എസ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനു വേണ്ടിയുള്ള പ്രൊജക്ടാണിത് . പ്രൊജക്ട് നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി 05.06.13 ലെ ദ് ഹിന്ദു ദിനപത്രത്തിലും( പരസ്യ നമ്പർ A2- 5080/12 തീയ്യതി- 05.06.13 )ചന്ദ്രിക ദിനപത്രത്തിലും (പരസ്യ നമ്പർ A2- 5080/12 തീയ്യതി- 05.06.13 ) ക്വട്ടേഷൻ പരസ്യം നൽകി. മേൽ പറഞ്ഞ ക്വട്ടേഷൻ അനുസരിച്ച് 21st Centuary Infoway, IT Vision Kollengode, എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു. രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ച ക്വട്ടേഷൻ

പ്രകാരമുള്ള താരതമ്യ പട്ടിക താഴെ കൊടുക്കുന്നു.

| Sl. No | ഇനം | IT Vision Kollengode , ക്വാട്ട്ചെയ്ത വില | 21st centuary Infoway<br>Kunnathurmedu, palakkad |
|---|---|---|---|
| | Server computer<br>IBM SERVER X3 100M4<br>PN 258219B<br>LASER PRINTER-CANON<br>A42900B,MONO<br>2Kva Ups -HYKON | 189900<br>9900<br>80000 | Server 192500<br>Printer 38250<br>88250 |

മേൽ പറഞ്ഞ നിരക്കുകൾ പ്രകാരം IT Vision Kollengode-ന്റെ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിച്ചു. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, ജി.ഒ.(പി)251/2010 ത.സ്വ.ഭ.വ. തീ.8.11.10 അനുശാസിക്കും പ്രകാരം പഞ്ചായത്ത് തല സമാഹരണ കമ്മറ്റി രൂപീകരിക്കാതെ, അതിന്റെ അനുമതിയില്ലാതെയാണ് മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

(2) പഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ 30-07-12-ലെ നം.1838/12/LSGD സർക്കാർ ഉത്തരവനുസരിച്ചുള്ള സ്പെസിഫി ക്കേഷനനുസരിച്ചുള്ളതാണ് എന്ന് ഐ.കെ.എം-ന്റെ സാങ്കേതികോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) പഞ്ചായത്തുകൾക്ക് കമ്പ്യൂട്ടർ സർവ്വറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് 30-07-12-ലെ സർക്കാർ ഉത്തരവിൽ ഉപകരണങ്ങളുടെ വ്യക്തമായ വില നിലവാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഇത്തരം ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം. അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരി ക്കണമെന്നും DGS & D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ, ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS & D റേറ്റ് കോൺട്രാക്ട് നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്നും നിർകർഷിക്കുന്നുണ്ട്. പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന മുൻ ഉത്തരവിലെ [ സ.ഉ. (സാധാ) 159/12 ത.സ്വ.ഭ.വ. തീയ്യതി 16.01.12] പരാമർശം റദ്ദ് ചെയതതായും ടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതിനു വിപരീതമായി ടെണ്ടർ നടപടികളിലൂടെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

(3.) കെൽട്രോണിന്റെ 10-10-2013- ലെ TVM / ITBG/101 / PK/0745 / 13-14 ക്വട്ടേഷൻ ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കുള്ള സർവ്വറിന് 109700 /- രൂപ മാത്രമേ വിലയുള്ളു എന്നിരിക്കെ മേൽ പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വർ 189900 /- രൂപ നൽകി വാങ്ങിയതിനാൽ പൊതു ഫണ്ടിന് 80200 /-രൂപയുടെ അധികച്ചെലവ് വന്നിട്ടുണ്ട്.

(4) കെൽട്രോണിന്റെ മേൽ പറഞ്ഞ ലിസ്റ്റിലെ വിലവിവരപ്പട്ടികയനുസരിച്ച് HP LASERJET PRO P1108 PRINTER 6470 ക്ക് ലഭ്യമാണെന്നിരിക്കെ, 9900 രൂപയ്ക്ക് സ്വകാര്യ സ്ഥാപനത്തിൽ നിന്നും 2പ്രിന്റർ വാങ്ങുക വഴി പൊതു ഫണ്ടിന് , 6860/- രൂപ ( 9900-6470 x 2= 6860/-രുപ) അധികച്ചെലവുണ്ടായിട്ടുണ്ട്.

(5) കെൽട്രോണിൽ നിന്നും IKM സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള 4GB DDRIII RAM സജ്ജീകരണമുള്ള കമ്പ്യൂട്ടർ 34000/- രൂപയ്ക്ക് ലഭ്യമാണെന്നിരിക്കെ സ്വകാര്യ ഏജൻസിയിൽ നിന്നും 2GB DDRIII മാത്രം സജ്ജീകരണമുള്ള സിസ്റ്റം, IKM സ്പെസിഫിക്കേഷന് വിരുദ്ധമായി വാങ്ങിയതും ശരിയായ നടപടിയല്ല.

(6) UPS ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പ്രകാരം DGS & D നിരക്കിൽ വാങ്ങേണ്ടതാണെന്നസർക്കാർ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് 25-06-2016- ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ, ഐ.കെ.എം. സ്പെസ്ഫിക്കേഷൻ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി, സ്വകാര്യ ഏജൻസിയിൽ നിന്നും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലൂടെ പൊതു ഫണ്ടിന് നഷ്ടം വന്ന 87060/- രൂപ പ്രസ്തുത ഏജൻസിയിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കണം.

## 3-2 മൈലാടിക്കുന്ന് റോഡ് ടാറിംഗ് -അധിക നിരക്ക് അനുവദിച്ചുതിനാൽ

## അധികച്ചിലവ് വന്നു.

പ്രോജക്ട് നം-S0086/14

അടങ്കൽ – 200000/- എം.ജി (റോഡ്)

എം.ബുക്ക് നം- 56/13-14

ബിൽ നം- 56/13-14, 200000/- രൂപ

കൺവ്വീനർ - സുബ്രഹ്മണ്യൻ

നിർവ്വഹണം – അസി.എഞ്ചിനീയർ

ഈ പ്രവൃത്തിയുടെ 6 ആം ഇനം ടാർ ചെയ്ത പ്രതലത്തിന് മുകളിൽ 20 എം.എം പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പെറ്റ് വിരിക്കലാണ്. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് ഈ ഇനത്തിന് അർഹമായ നിരക്ക് 100 എം2 ന് 16442/- രൂപയാണ്. എന്നാൽ ഈ ഇനത്തിന് 100 എം2 ന് 18847/- രൂപ നൽകിയതായി പരിശോധനയിൽ കണ്ടു. ഇതുമൂലം ഈ പ്രവൃത്തിയിൽ കൺവീനർക്ക് താഴെ പറയും പ്രകാരം 13537/- രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്

| | |
|---|---|
| അനുവദിച്ച തുക | 562.88x18847/100=106085.99 |
| അർഹമായ തുക | 562.88x16442/100=92548.73 |
| അധികം നൽകിയത് | 106805-92534=13537 |

മേൽപറഞ്ഞ അപാകതസംബന്ധിച്ച് 24-6-2016 ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി (27-6-2016) യിൽ ഇക്കാര്യം അംഗീകരിക്കുകയും തുക അടവാക്കാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈസാഹചര്യത്തിൽ മേൽപറഞ്ഞ പ്രകാരം അധികം നൽകിയ 13537/-രൂപ അടവാക്കി വിവരം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 സേവനം മെച്ചപ്പെടുത്തൽ- പ്രിന്ററിന് അധിക വില നൽകിയത്-3430/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രൊജക്ട് നമ്പർ – 176 / 14

പ്രൊജക്ടിന്റെ പേര് - സേവനം മെച്ചപ്പെടുത്തൽ

അടങ്കൽ ലോകബാങ്ക് ധനസഹായം-200000/- രൂപ

തനത് ഫണ്ട് -1707

ചെലവ് -194250/-രൂപ

ലോക ബാങ്ക് ധനസഹായം- (1) 150350/- രൂപ

( ബിൽ നമ്പർ 21/13-14 , തീയ്യതി- 20.11.13)

( ഓഫീസിലേക്കാവശ്യമായ ഫർണ്ണിച്ചർ, ജനറേറ്റർ എന്നിവ വാങ്ങിയതിന് ചെലവഴിച്ച തുക)

(2) 43900/- രൂപ

( ബിൽ നമ്പർ 38/13-14 തീ. 31.03.14)

( സർവർ കമ്പ്യൂട്ടർ, പ്രിന്റർ, എന്നിവ സപ്ലൈ ചെയ്തതിന് ശ്രീ.ശശി. കെ, ഐ.ടി. വിഷൻ കൊല്ലങ്കോടിന് നൽകിയ തുക )

പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം ഇല്ല.

ഭരണാനുമതി നമ്പറും തീയ്യതിയും 4/ തീയ്യതി- 11.06.13 തുക 201707/-

പഞ്ചായത്തിലേക്ക് ഫർണ്ണിച്ചർ, ജനറേറ്റർ, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിനു വേണ്ടിയുള്ള പ്രൊജക്ടാണിത്. പ്രൊജക്ട് നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി 05.06.13 ലെ ദ് ഹിന്ദു ദിനപത്രത്തിലും (പരസ്യ നമ്പർ A2- 5080/12 തീയ്യതി- 05.06.13 )ചന്ദ്രിക ദിനപത്രത്തിലും (പരസ്യ നമ്പർ A2- 5080/12 തീയ്യതി- 05.06.13 ) ക്വട്ടേഷൻ പരസ്യം നൽകി.

മേൽ പറഞ്ഞ ക്വട്ടേഷൻ അനുസരിച്ച് IT Vision Kollengode, 21 st century infoway, palakkad എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു. രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള താരതമ്യ പട്ടിക താഴെ കൊടുക്കുന്നു.

| sl. no | ഇനം | IT Vision Kollengode, ക്വാട്ട്ചെയ്ത വില | 21st century Iinfoway, palakkad |
|---|---|---|---|
| | Desktop Computer<br>LASER PRINTER-CANON A42900B,MONO | 34000<br>9900 | 38250<br>10000 |

മേൽ പറഞ്ഞ നിരക്കുകൾ പ്രകാരം IT Vision Kollengode-ന്റെ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിച്ചു. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, ജി.ഒ.(പി)251/2010 ത.സ്വ.ഭ.വ. തീ.8.11.10 അനുശാസിക്കും പ്രകാരം പഞ്ചായത്ത് തല സമാഹരണ കമ്മറ്റി രൂപീകരിക്കാതെ, അതിന്റെ അനുമതിയില്ലാതെയാണ് മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

(2)പഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ 30-07-12- ലെ നം.1838/12/LSGD സർക്കാർ ഉത്തരവനുസരിച്ചുള്ള സ്പെസിഫി ക്കേഷനനുസരിച്ചുള്ളതാണ്എന്ന് ഐ.കെ.എം-ന്റെ സങ്കേതികോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) പഞ്ചായത്തുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതുമായി ബന്ധപ്പെട്ട് 30-07-12-ലെ സർക്കാർ ഉത്തരവിൽ ഉപകരണങ്ങളുടെ വ്യക്തമായ വില നിലവാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഇത്തരം ഉപകരണങ്ങളും വാങ്ങുന്നത് ഐ.കെ.എം. അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണമെന്നും DGS & D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിലോ, ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS & D റേറ്റ് കോൺട്രാക്ട് നിലവിലില്ലെങ്കിലോ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണെന്നും നിർകർഷിക്കുന്നുണ്ട്. പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാമെന്ന മുൻ ഉത്തരവിലെ [ സ.ഉ. (സാധാ) 159/12 ത.സ്വ.ഭ.വ. തീയ്യതി 16.01.12] പരാമർശം റദ്ദ് ചെയതതായും ടി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതിനു വിപരീതമായി ടെണ്ടർ നടപടികളിലൂടെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

(4) കെൽട്രോണിന്റെ മേൽ പറഞ്ഞ ലിസ്റ്റിലെ വില വിവരപ്പട്ടികയനുസരിച്ച് HP LASERJET PRO P1108PRINTER 6470/- രൂപയ്ക്ക് ലഭ്യമാണെന്നിരിക്കെ, 9900/- രൂപയ്ക്ക് സ്വകാര്യ സ്ഥാപനത്തിൽ നിന്നും പ്രിന്റർ വാങ്ങുക വഴി പൊതു ഫണ്ടിന്, 3430/- രൂപ ( 9900-6470 = 3430 ) അധികച്ചെലവുണ്ടായിട്ടുണ്ട്.

ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് ആയത് 24-06-2016-ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ, ക്രമ നമ്പർ (3) ൽ സൂചിപ്പിച്ച നഷ്ടം തുക 3430/- രൂപ ഉപകരണം സപ്ലൈ ചെയ്ത ഏജൻസിയിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പൊതു ഫണ്ടിലൊടുക്കേണ്ട താണ്.

## 3-4 സെക്രട്ടറിയുടെ പ്രൊജക്ടുകൾ- രേഖകൾ ഹാജരാക്കിയില്ല- 15,16,350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കപ്പൂർ ഗ്രാമ പഞ്ചായത്ത് 2013-2014 – 2014-2015 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് താഴെ പട്ടികയിൽ പറയുന്ന രേഖകൾ നാളിതുവരെ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ചെലവു തുക 1516350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രൊജ. നമ്പറും | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ആവശ്യപ്പെടുന്ന രേഖകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | വർഷവും | | | | |
| 1 | 131/13-14 | തുല്യതാ പരീക്ഷാ ധനസഹായം | 30000 | 28500 ബിൽ നം 27/13-14 തീ 22.3.14 | (1)ഗുണഭോക്താക്കളുടെ അപേക്ഷകൾ, (2)ഗുണഭോക്താക്കളുടെ ഹാജർ സംബന്ധിച്ച വിശദാംശങ്ങൾ (3)ഗുണഭോക്താക്കൾ പരീക്ഷ യെഴുതിയത് സംബന്ധിച്ച രേഖകൾ/ കോഴ്സ് പൂർത്തിയാക്കിയത് സംബന്ധിച്ച രേഖകൾ |
| 2 | 137/13-14 | സദ്ഭരണം- സേവനം വർധിപ്പിക്കൽ | ലോകബാങ്ക് ധനസഹായം 100000 തനത് ഫണ്ട് 600000 ആകെ 700000 | ലോകബാങ്ക് ധനസഹായം 100000 ബിൽ നം 32/14 തീ.26.3.14 തനത് ഫണ്ട് 393050 വൌ.നം 948/30.3.14 257700 വൌ.നം 1108/ 09.01.14 135350 ആകെ 493050 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുവേണ്ടിയുള്ള പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് മിനുട്സും തീരുമാനങ്ങളും. |
| 3 | 279/ 13-14 | ലാപ്പ്ടോപ്പ് വാങ്ങൽ | 80000 | 79800(തനത് ഫണ്ട്) 949//31.03.14 | പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനം. |
| 4 | 293/13-14 | IAY ഭവന നിർമാണം | 300000 | 300000 ( വി.ഫ) ബിൽ നം 35/ 29.03.14 | ധനവിനിയോഗ സാക്ഷ്യപത്രം |
| 5 | 294/13-14 | IAY ഭവന നിർമാണം (എസ്.സി.പി) | 160000 | 160000 ബിൽ നം 36/29.03.14 (വി.ഫ) | ധനവിനിയോഗ സാക്ഷ്യപത്രം |
| 6 | 321/14-15 | IAY ഭവന നിർമാണം (എസ്.സി.പി) | 140000 | 140000 ബിൽ നം 29/14-15 തീ. | ധനവിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| | | | | 30.03 15<br>(വി.ഫ) | |
| 7 | 322/14-15 | IAY ഭവന നിർമാണം | 300000 | 315000<br>27/14-15<br>തീ. 30.03.15<br>( വി.ഫ) | ധനവിനിയോഗ സാക്ഷ്യപത്രം |
| ആകെ ചെലവ് | | | | **1516350** | |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 20.06.2016 ന് ഓഡിറ്റ് റികിസിഷൻ ( നമ്പർ 1) നൽകിയിരുന്നുവെങ്കിലും നൽകിയ 1 - പറഞ്ഞ രേഖകൾ നാളിതുവരെ ഹാജരാക്കിയതായി കാണുന്നില്ല. ആയതിനാൽ മേൽ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി 1516350/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സദ്ഭരണം- ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ - ചെലവു രേഖകൾ ഹാജരാക്കിയില്ല- 1,74,150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ -127/15

പ്രൊജക്ടിന്റെ പേര് - സദ്ഭരണം-ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ

അടങ്കൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് -400000/-രൂപ

**ആകെ ചെലവ് -378455/-രൂപ (ട്രഷറി ബിൽ നമ്പർ 33/14-15 30.03.15)**

(1) 329800 രൂപ

(ബിൽ നമ്പർ 33/-14-15 , തീയ്യതി- 30.03.15)

DD No.80037/30.03.15 തുക 329800/-

(ഓഫീസിലേക്കാവശ്യമായ കമ്പ്യൂട്ടർ,പ്രിന്റർ, ഓൺലൈൻ യു.പി.എസ്. സ്കാനർ എന്നിവ വാങ്ങിയതിന് ശ്രീ.ശശി. കെ, ഐ.ടി .വിഷൻ കൊല്ലങ്കോടിന് നൽകിയ തുക)

പ്രൊക്യുർമെന്റ് കമ്മറ്റി തീരുമാനം ഇല്ല.

ഭരണാനുമതി നമ്പറും തീയ്യതിയും 1(1) 18.10.2014

2014-2015 വർഷത്തിൽ മേൽപറഞ്ഞ പ്രൊജക്ട് പ്രകാരം ആകെ ചെലവഴിച്ച 378455/- രൂപയിൽ നിന്നും 329800/- രൂപ ചെലവഴിച്ച് പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ സകാനർ, യു.പി.എസ് എന്നിവ വാങ്ങിയിട്ടുണ്ട്. പത്രപ്പരസ്യം നൽകിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

ലഭ്യമായ രേഖകൾ പ്രകാരം ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്നവർ ടെൻഡർ സമർപ്പിച്ചതായി കാണുന്നു.

(1) IT Vision Kollengode

(2) SIDCO Marketing centre, Manjeri, Malappuram.

(3)Smart Info system

മേൽ പറഞ്ഞ കട്ടേഷൻ അനുസരിച്ച് IT Vision Kollengode, (2)SIDCO, Manjeri, Malappuram എന്നീ സ്ഥാപനങ്ങൾ മാത്രമേ സ്പെസിഫിക്കേഷൻ ഉൾപ്പെടെയുള്ള ടെൻഡർ സമർപ്പിച്ചുള്ളൂ. രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ച കട്ടേഷൻ പ്രകാരമുള്ള താരതമ്യ പട്ടിക താഴെ കൊടുക്കുന്നു.

| **sl. no** | **ഇനം** | **IT Vision Kollengode , കാട്ട്ചെയ്ത വില** | **SIDCO, Manjeri, Malappuram** |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ACER, Computer Desktop system | 41750 | 41475 |
| 2 | DOTMATRIX printer Epson | 11600 | 12075 |
| 3 | Laser printer Cannon | 9400 | 9608 |
| 4 | Scanner - Cannon | 3900 | 4095 |
| 5 | 3KV Online UPS | 107500 | 104768 |

മേൽ പറഞ്ഞ നിരക്കുകൾ പ്രകാരം IT Vision Kollengode-ന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും, 27-03-2015-ലെ IT 40 ക്യാഷ് ബിൽ പ്രകാരം മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

(1) തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ , ജി.ഒ.(പി)251/2010/ ത.സ്വ.ഭ.വ. തീ.8.11.10 അനുശാസിക്കും പ്രകാരം , വാങ്ങൽ സംബന്ധിച്ച പത്രപ്പരസ്യം ചെയ്തതായി കാണുന്നില്ല.

(2) മേൽ പറഞ്ഞ ഉത്തരവിലെ നിർദ്ദേശപ്രകാരം പഞ്ചായത്ത് തല സമാഹരണ കമ്മറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാൽ ടി കമ്മിറ്റിയുടെ അനുമതിയില്ലാതെയാണ് മേൽ പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

(3) പഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ 30-07-12- ലെ നം.1838/12/LSGD സർക്കാർ ഉത്തരവനുസരിച്ചുള്ള സ്പെസിഫി ക്കേഷനനുസരിച്ചുള്ളതാണ് എന്ന് ഐ.കെ.ന്റെ സങ്കേതികോദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(4) മേൽ പറഞ്ഞ ഉപകരണങ്ങളുടെ ഗ്യാരണ്ടി/വാറന്റി കാലാവധി, UPS ന്റെ Back-up capacityഎന്നിവയുൾപ്പെടെ വിൽപ്പനാന്തര സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ , സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ രേഖകളിലോ, ക്യാഷ്ബില്ലിലോ വ്യക്തമാക്കിയിട്ടില്ല. മേൽപറഞ്ഞ സേവനങ്ങൾ സംബന്ധിച്ച മറ്റു രേഖകളും ഓഡിറ്റിനു ഹാജരാക്കി യിട്ടില്ല. ഗ്യാരന്റി/വാറന്റി സംബന്ധിച്ച ഉപാധികളുടെ അഭാവം ഐ.കെ.എം. സ്പെസിഫിക്കേഷൻ സംബന്ധിച്ച നിർദ്ദേശങ്ങൾക്കെതിരാണ്.

മേൽ പറഞ്ഞ വസ്തുതകളുമായി ബന്ധപ്പെട്ട രേഖകളും വിശദീകരണവും സമർപ്പിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 25-06-16ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ രേഖകളും വിശദീകരണവും ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിലെ ചെലവു തുക 174150/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വനിത തൊഴിൽ സേന(SC)യ്ക്ക് ഉപകരണങ്ങൾ വാങ്ങിയത് ഉദ്ദേശിച്ച നേട്ടം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ – so152/14

അടങ്കൽ – 14,70,000/-

ബിൽ നമ്പർ – 5/13-14 തീ-31-03-14 തുക - 605220/-

ബിൽ നമ്പർ 7/13-14തീ-31-03-14തുക-4,23,324/-

2013-14 വർഷത്തിൽ കൃഷിഓഫീസർ നിർവഹണം നടത്തിയ പട്ടികജാതി വനിത തൊഴിൽസേനയ്ക്ക് ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി മേൽ നമ്പർ ബില്ലുകൾ പ്രകാരം റെയ്ഡ്കോയിൽനിന്നും വിവിധ കാർഷിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ ഉപകരണങ്ങൾ തൊഴിൽസേനക്ക് വിതരണം ചെയ്തതായിക്കാണുന്നു. എന്നാൽ 55000/- രൂപ ചെലവിൽ വാങ്ങിയ കൊപ്ര ഡ്രയർ കൃഷിഭവനു മുന്നിൽ ഉപയോഗ രഹിതമായി നാശോൻമുഖമായി കിടക്കുന്നു. ആസൂത്രണത്തിലെ പിഴവുമൂലം മേൽപറഞ്ഞ ഇനം പാഴ്ചെലവായി അവശേഷിച്ചിട്ടുള്ളത്. ഇത്

ഉപയോഗപ്രദമാക്കാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി അവലോകനം

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കുവേണ്ടി ആശ്രയ പദ്ധതി നടപ്പാക്കണമെന്ന് 14-5-2007ലെ ജി.ഒ.(എം.എസ്)128/2017നമ്പർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗ്രാമ പഞ്ചായത്തിന്റെ ആശ്രയ പ്രോജക്ടിന് 4.10.2011ലെ 2573/10/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. തുടർന്ന് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.8.2010 ലെ KS/L/2346/ 2002/(34) നമ്പർ ഉത്തരവ് പ്രകാരം ആശ്രയ ചലഞ്ച് ഫണ്ട് ഇനത്തിൽ 15 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി.

എഴുപത്തി അഞ്ച് അഗതി കുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയുടെ സംക്ഷിപ്ത രൂപം താഴെ പറയും പ്രകാരമാണ്.

| പ്രവർത്തനം | ഗുണഭോക്താ ക്കളായ കുടുംബങ്ങൾ | ഗുണഭോക്താ ക്കളായ വ്യക്തികൾ | തുക | വിഭവത്തിന്റെ സ്രോതസ്സ് |
|---|---|---|---|---|
| ഭക്ഷണം | 75 | 141 | 484740 | ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ |
| വസ്ത്രം | 75 | 141 | 211500 | -ടി- |
| ചികിത്സ | 39 | 60 | 300000 | -ടി- |
| വീട് | 20 | 20 | 2500000 | മിഷൻ/ പഞ്ചായത്ത് |
| സ്ഥലം | 1 | 1 | 75000 | -ടി- |
| വെള്ളം | 13 | 13 | 32500 | -ടി- |
| പെൻഷൻ | 14 | 17 | 61200 | പഞ്ചായത്ത് |
| വിദ്യാഭ്യാസം | 10 | 16 | 48000 | പഞ്ചായത്ത് |
| വീട് റിപ്പയർ | 29 | 29 | 290000 | ബ്ലോക്ക് |
| കക്കൂസ് | 1 | 4 | 10000 | ബ്ലോക്ക് |
| വൈദ്യുതീകരണം | 3 | 3 | 3000 | ബ്ലോക്ക് |

കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച 15 ലക്ഷം രൂപ 29.9.10 ലെ 92/48748 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നു. പ്രസ്തുത തുകയിൽ നിന്നും അഞ്ച് ലക്ഷം രൂപ 11.7.2012 ന് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് മാറ്റുകയും, തുടർന്ന് പദ്ധതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

2010-11 ൽ ആരംഭിച്ച് 2013-14 അവസാനിക്കുന്ന രീതിയിലാണ് പ്രോജക്ട് ആസൂത്രണം ചെയ്തതെങ്കിലും 2013-14 മുതൽ 2015-16 വരെ കാലയളവിലാണ് പ്രോജകട് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം നിർവ്വഹിച്ച പ്രവർത്തനങ്ങൾ താഴെപറയും പ്രകാരമാണ്.

| പ്രവർത്തനം | ഗുണഭോക്താക്കളായ കുടുംബങ്ങൾ | അഭിപ്രായം |
|---|---|---|
| ഭക്ഷണം | 74 | റേഷൻ വാങ്ങി നൽകലും ത്രിവേണിയിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങിനൽകലും |
| വസ്ത്രം | | നൽകിയിട്ടല്ല. |
| ചികിത്സ | ലഭ്യമല്ല | ഒരുതവണ ക്യാമ്പ് നടത്തി മരുന്ന് നൽകി |
| വീട് | ലഭ്യമല്ല | വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി |

| | | |
|---|---|---|
| | | നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയെങ്കിലും, ഇത് സംബ ന്ധിച്ച് രേഖകളൊന്നും ഹാജരാക്കി യിട്ടില്ല |
| സ്ഥലം | | യോഗ്യതയില്ലെന്ന് കണ്ടെത്തിയതിനാൽ നൽകിയിട്ടില്ല |
| വെള്ളം | 13 | പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകി |
| പെൻഷൻ | | പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകി |
| വിദ്യാഭ്യാസം | 11 വിദ്യാർത്ഥികൾ | അർഹരായ വിദ്യാർത്ഥികൾക്ക് കുട ബാഗ് എന്നിവ വാങ്ങി നൽകക |
| വീട് റിപ്പെയർ | 29 | വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയെങ്കിലും, ഇത് സംബന്ധിച്ച് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല |
| കക്കൂസ് | 1 | -ടി- |
| വൈദ്യുതീകരണം | 3 | -ടി- |

ഗ്രാമ പഞ്ചായത്ത് നിർവ്വഹിച്ച ആശ്രയ പ്രോജക്ട് വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

എ) ഗ്രാമ പഞ്ചായത്തുകൾക്ക് ആശ്രയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് 12.11.2003 ലെ ഉത്തരവ് നം.(എം.എസ്)71/2003/ആസൂത്രണം പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ സമൂഹത്തിലെ ഏറ്റവും ദുർബലരായ ഒരു വിഭാഗത്തിന്റെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കുന്ന ഈ പ്രോജക്ട് നടപ്പാക്കുന്നതിൽ പഞ്ചായത്ത് വൻ കാലതാമസം വരുത്തിയിട്ടുണ്ട്.

ബി) പ്രോജക്ട് നടപ്പാക്കുന്നതിനായി കുടുംബശ്രീ മിഷനിൽ നിന്നും 29.9.2010 ന് ലഭിച്ച തുക 11.7.2012 വരെ പദ്ധതി നിർവ്വഹണത്തിനായി സി.ഡി.എസിന് നൽകാതിരുന്നത് വീഴ്ചയാണ്. ഇത് പദ്ധതി നിർവ്വഹണം വീണ്ടും വൈകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

സി) ഭക്ഷണം വിദ്യാഭ്യാസം എന്നിവയൊഴികെ, ആശ്രയ പ്രോജക്ട് വിഭാവനം ചെയ്ത മറ്റ് പ്രവർത്തനങ്ങൾക്ക്, തൊഴിൽ പരിശീലനം, ട്യൂഷ്യൻ ഫീ നൽകൽ, മരുന്ന് നൽകൽ, വസ്ത്രം മുതലായ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. പഞ്ചായത്ത്/ബ്ലോക്ക് മുഖേന നിർവ്വഹിക്കപ്പെട്ട പ്രവർത്തനങ്ങൾ ശരിയായി വിലയിരുത്തിയിട്ടില്ല. ഇതിന്റെ സ്ഥിതിവിവര കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ഡി) കുട, ചെരിപ്പ്, ബാഗ് തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങുന്നതിന് 2013-14, 2014-15 വർഷങ്ങളിൽ യഥാക്രമം 8932,8704/- രൂപ ചാലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ്പോണസർഷിപ്പിൽനിന്നും തുക കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ മാത്രമേ ചാലഞ്ച് ഫണ്ട് ഈആവശ്യത്തിനു വിനിയോഗിക്കാൻ അനുമതിയുള്ളൂ. എന്നാൽ സ്പോൺസർഷിപ്പിൽനിന്നും തുക കണ്ടെത്താൻ നടപടിയൊന്നും സ്വീകരിക്കാതെ ചലഞ്ച് ഫണ്ട് വിനിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്.

## 3-8 ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി കൾ നിർവ്വഹിച്ചത് - ന്യൂനതകൾ സംബന്ധിച്ച്

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിക്കപ്പെട്ട താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ഓരോ പ്രവൃത്തിക്കു നേരെയും പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അപാകതകൾ |
|---|---|---|
| 1 | ചോലക്കുളം ഞാവുക്കുളം കാട് റോഡ്<br><br>പ്രോജക്റ്റ് നമ്പർ.എസ്.ഓ141/13<br><br>അടങ്കൽ.103482/-scp<br><br>196518-തനത്<br><br>ചെലവ്.3000000 രൂപ<br><br>ഫൈനൽ ബിൽ നം.17/13-14 28482<br><br>എം.ബുക്ക്.57/12-13<br><br>കൺവ്വീനര്.ഷിഹാബ്.കെ | എ)കരാറിൽ കൺവ്വീനറും, ഗുണഭോക്തൃസമിതി അംഗങ്ങളും ഒപ്പു വച്ചിട്ടില്ല.<br><br>ബി)മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br><br>സി) ഗുണഭോക്തൃസമിതി ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ, വൗച്ചറുകൾ പാസാക്കുകയോ, ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല. (മിനുട്സ് സൂക്ഷിപ്പ് സംബന്ധിച്ച് 1999 ൽ ആസൂത്രണ സമിതി പുറത്തിറക്കിയ മാർഗ്ഗ രേഖ കാണുക).കൺവ്വീനറെ തെരഞ്ഞെടുക്കുന്നതിനും അന്തിമ കണക്ക് അംഗീകരിക്കുന്നതിനും വേണ്ടി മാത്രമാണ് കമ്മിറ്റി കൂടിയിട്ടുള്ളത്. |
| 2 | മാരാംകുന്ന് മിൽ റോഡ്<br><br>പ്രോജക്റ്റ് നംമ്പർ.എസ്.ഓ1൨ർ/13<br><br>അടങ്കൽ.150000/- ലോകബാങ്ക് ധനസഹായം<br><br>ബിൽ നം.19/13-14 112500/-<br><br>കൺവ്വീനർ- എം.കെ.മുഹമ്മദ് | -ടി- |
| 3 | മണ്ണശ്ശാര പറമ്പ് റോഡ് മെറ്റലിംഗ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നമ്പർ.എസ്.ഓ160/13<br><br>അടങ്കൽ.300000 ലോകബാങ്ക്<br><br>100000 തനത്<br><br>ചെലവ്.4000000 രൂപ<br><br>ഫൈനൽ ബിൽ | -ടി- |

| | | |
|---|---|---|
| | നം.23/13-14 200000/-<br><br>എം.ബുക്ക്.43/12-13<br><br>കൺവ്വീനർ-മുഹമ്മദ് ഇഖ്ബാൽ | |
| 4 | ഹയാത്ത് റോഡ്<br><br>പ്രോജക്റ്റ് നമ്പർ.എസ്.ഓ122/13<br><br>അടങ്കൽ.100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്<br><br>ചെലവ്.100000 രൂപ<br><br>ഫൈനൽ ബിൽ നം.27/13-14 75000/-<br><br>എം.ബുക്ക്.63/13-14<br><br>കൺവ്വീനർ- സി.വി.മുഹമ്മദ് കുട്ടി | -ടി- |
| 5 | അറക്കൽ കച്ചേരിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നമ്പർ- എസ്.ഓ164/13<br><br>അടങ്കൽ.100000/- ലോകബാങ്ക്<br><br>ചെലവ്.100000 രൂപ<br><br>ഫൈനൽ ബിൽ നം.6/13-14 -75000/- | -ടി- |
| 6 | കോട്ടക്കുന്ന് റോഡ് ടാറിംഗ്<br><br>പ്രോജക്റ്റ് നംമ്പർ.എസ്.ഓ221/13<br><br>അടങ്കൽ.351250/-പ്ലാൻഫണ്ട്<br><br>ബിൽ നം.13/13-14 351250<br><br>എം.ബുക്ക്.32/12-13<br><br>കൺവ്വീനർ- മുഹമ്മദ് കുട്ടി. സി.വി | എ)കരാറിൽ കൺവ്വീനറും, ഗുണ ഭോക്തൃസമിതി അംഗങ്ങളും ഒപ്പു വച്ചിട്ടില്ല.<br><br>ബി)മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br><br>സി) ഗുണഭോക്തൃസമിതി ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ, വൗച്ചറുകൾ പാസാക്കുകയോ, ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല. (മിനുട്സ് സൂക്ഷിപ്പ് സംബന്ധിച്ച് 1999 ൽ ആസൂത്രണ |

| | | |
|---|---|---|
| | | സമിതി പുറത്തിറക്കിയ മാർഗ്ഗ രേഖ കാണുക).കൺവ്വീനറെ തെരഞ്ഞെടുക്കുന്നതിനും അന്തിമ കണക്ക് അംഗീകരിക്കുന്നതിനും വേണ്ടി മാത്രമാണ് കമ്മിറ്റി കൂടിയിട്ടുള്ളത്. |
| 7 | എറവക്കാട് ഞാവുലുംകാട് റോഡ് ടാറിംഗ്<br><br>പ്രോജക്റ്റ് നംമ്പർ.എസ്.ഓ147/13<br><br>അടങ്കൽ.300000/- എം.ജി (റോഡ്)<br><br>ബിൽ നം.14/13-14 -300000<br><br>എം.ബുക്ക്.45/13-14<br><br>കൺവീനർ-വി.ബഷീർ | എ)കരാറിൽ കൺവ്വീനറും, ഗുണഭോക്തൃസമിതി അംഗങ്ങളും ഒപ്പു വച്ചിട്ടില്ല.<br><br>ബി)മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.<br><br>സി) ഗുണഭോക്തൃസമിതി ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്ന് പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയോ, വൌച്ചറുകൾ പാസാക്കുകയോ, ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല. (മിനുട്സ് സൂക്ഷിപ്പ് സംബന്ധിച്ച് 1999 ൽ ആസൂത്രണ സമിതി പുറത്തിറക്കിയ മാർഗ്ഗ രേഖ കാണുക). കൺവ്വീനറെ തെരഞ്ഞെടുക്കുന്നതിനും അന്തിമ കണക്ക് അംഗീകരിക്കുന്നതിനും വേണ്ടി മാത്രമാണ് കമ്മിറ്റി കൂടിയിട്ടുള്ളത്. |
| 8 | പാറപ്പുറം റോഡ് ടാറിംഗ്<br><br>പ്രോജക്റ്റ് നംമ്പർ-എസ്.ഓ177/13<br><br>അടങ്കൽ.250000/- എം.ജി (റോഡ്)<br><br>ചെലവ്.250000<br><br>ഫൈനൽ ബിൽ നം.16/13-14 -190000<br><br>എം.ബുക്ക്.32/12-13 | -ടി- |
| 9 | ചാരുപടിക്കൽ കോൺക്രീറ്റിംഗ് 2ആം ഘട്ടം<br><br>പ്രോജക്റ്റ് നംമ്പർ-എസ്.0021/14 | -ടി- |

| | | |
|---|---|---|
| | അടങ്കൽ.150000/-<br>പ്ലാൻഫണ്ട<br>ബിൽ നം.59/13-14 -150000 | |

മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗവ.വെറ്ററിനറി ഹോസ്പിറ്റൽ കെട്ടിടനിർമ്മാണം-ആവശ്യമായ സംഗതികൾ ഉൾപ്പെടുത്താതെ നിർമ്മിച്ചതു സംബന്ധിച്ച്

പ്രോജക്ടിന്റെ പേര്- വെറ്ററിനറി ഹോസ്പിറ്റൽനിർമ്മാണം

പ്രോജക്ട് നം- SO206/13

അക്രഡിറ്റഡ് ഏജൻസി- നിർമിതി കേന്ദ്രം,പാലക്കാട്

ഫണ്ട്- വികസനഫണ്ട്-1200000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം-500000/-രൂപ

ആകെ-1700000/-രൂപ

കരാർ നം-87/2012-13/നിർമ്മിതി/2-3-13

ഓഡിറ്റ് കാലയളവിൽ നിർമ്മിതികേന്ദ്രത്തിന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്

| ഡി.ഡി നമ്പർ/തിയ്യതി | തുക |
|---|---|
| 956859/28-3-13 | 340000/- |
| 0577752/14-8-14 | 340000/- |
| 059031/6-11-14 | 340000/- |
| 059920/6-1-15 | 340000/- |
| **ആകെ** | **1360000/-** |

മേൽപറഞ്ഞ പ്രകാരം നിർമ്മിച്ച കെട്ടിടം ഓഡിറ്റ് ടീം നേരിട്ട് സന്ദർശിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.കെട്ടിടനിർമ്മാണത്തിൽ Treves (കാലികളെ നിർത്തുന്നതിനുള്ള കൂട്) ഉൾപ്പെടുത്താതെയാണ് പ്രോജക്ട് തയ്യാറാക്കിയിരി ക്കുന്നത്. ഇതുമൂലം കന്നുകാലികളെ തൊട്ടടുത്തുള്ള മരത്തിൽ കെട്ടിയിട്ടാണ് കുത്തിവെയ്പ്, മറ്റു ചികിത്സകൾ എന്നിവ നടത്തിവരുന്നത്. കനത്ത മഴയത്ത് പശുവിനെ ഇപ്രകാരം പരിചരിക്കുന്നത് ഓഡിറ്റ് ടീമിന് നേരിട്ട് കാണാൻ സാധിച്ചു.

2.കെട്ടിടത്തിന്റെ മുൻ വശത്ത് പോർച്ച് ഇല്ലാത്തതുമൂലം മഴവെള്ളം കെട്ടിടത്തിനകത്തേക്ക് ഒലിച്ചിറങ്ങുന്നു.

3.പുതിയ കെട്ടിടത്തിന് നാളിതുവരെ നിർവ്വഹണ ഏജൻസിയിൽനിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. പഴയകെട്ടിടത്തിൽനിന്നുള്ള താൽക്കാലിക കണക്ഷനാണ് ഉപയോഗിച്ചുവരുന്നത്.

4.19-5-2014 ലെ നം.E3-25254/2012 ഉത്തരവു പ്രകാരം മൃഗസംരക്ഷണവകുപ്പിൽ നിന്നും അനുവദിച്ച 1,08,374/-രൂപ വിലവരുന്ന ടച്ച്സ്ക്രീൻ കിയോസ്ക്ക് പരിശോധനാകാലയളവിലും പ്രവർത്തനക്ഷമമമല്ല. ഈർപ്പം തട്ടി ഉപകരണം നശിച്ചു പോകാവുന്ന അവസ്ഥയിലാണ് കിയോസ്ക്ക് സ്ഥാപിച്ചിരിക്കുന്നത്. ടച്ച് സ്ക്രീൻ കിയോസ്ക് ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 കുടിവെള്ള പദ്ധതികൾ - ഗുണഭോകതൃ സമിതികൾക്ക് കൈമാറാത്തത് പഞ്ചായത്ത് ബാധ്യതയാകുന്നു. കൈമാറുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം രണ്ട് കുടിവെള്ള പദ്ധതികളുടെ പരിപാലനം ഇപ്പോഴും പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് . അമേറ്റിക്കര, കണ്ണാന്തളി കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിന് 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ താഴെപറയും വിധം വൈദ്യുത ചാർജ്ജ്

ഒടുക്കിയിട്ടുണ്ട്.

**2013-2014**

| ക്രമനം | കുടിവെള്ള പദ്ധതിയുടെ പേര് | മാസം | ഒടുക്കിയ തുക | വൗച്ചർ നമ്പർ, തീയ്യതി |
|---|---|---|---|---|
| 1 | അമേറ്റിക്കര കുടിവെള്ള പദ്ധതി | 4/13 | 1512 | 39/24.4.13 |
| 2 | ടി | 5/13 | 1512 | 31/21.5.13 |
| 3 | കണ്ണാന്തളി | 5/13 | 1770 | 38/21.5/13 |
| | അമേറ്റിക്കര | 6/13 | 1176 | 67/13.6.13 |
| | ടി | 6/13 | 1795 | 68/13.6.13 |
| | ടി | 7/13 | 1244 | 61/24.7.13 |
| | ടി | 8/13 | 1181 | 45/20.08.13 |
| | ടി | 9/13 | 1182 | 30/30/9.9.13 |
| | ടി | 10/13 | 1173 | 650/10.10.13 |
| | ടി | 11/13 | 1177 | 13/2.12.13 |
| | ടി | 12/13 | 1220 | 54/24.12.13 |
| | ടി | 01/14 | 1177 | 702/10.1.14 |
| | ടി | 02/14 | 1177 | 27/01.02.14 |
| | ടി | 03/14 | 1175 | 985/17.03.15 |
| **2014-2015** | | | | |
| | ടി | 4/14 | 1174 | 28/4.4.14 |
| | ടി | 5/14 | 28502 | 87/29.5.14 |
| | ടി | 6/14 | 4921 | 125/20.06.14 |
| | ടി | 7/14 | 1844 | 208/15.7.14 |
| | കണ്ണാന്തളി | 7/14 | 3168 | 207/15.7.14 |
| | അമേറ്റിക്കര | 8/14 | 4471 | 324/20.8.14 |
| | ടി | 9/14 | 1175 | 389/11.9.14 |
| | കണ്ണാന്തളി | 9/14 | 5272 | 413/28.9.14 |
| | അമേറ്റിക്കര | 10/14 | 2744 | 427/01.10.2014 |
| | ടി | 11/14 | 690 | 428/ 02.10.14 |
| | കണ്ണാന്തളി | 11/14 | 6262 | 588/25.11.14 |
| | അമേറ്റിക്കര | 12/14 | 7994 | 644/12.12.14 |
| | ടി | 12/14 | 9400 | 659/20.12.14 |
| | കണ്ണാന്തളി | 01/15 | 2651 | 750/29.01.15 |
| | അമേറ്റിക്കര | 02/15 | 3228 | 804/5.2.15 |
| | ടി | 02/15 | 115 | 825/28.02.15 |
| | ടി | 3/15 | 2386 | 979/28.3.15 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, പരിപാലനം എന്നിവ അതത് പദ്ധതികളുടെ ഗുണഭോകതൃ സമിതികളെ ഏൽപ്പിക്കണമെന്നും അവയുടെ നടത്തിപ്പ് പൊതുഫണ്ടിന് ബാധ്യതയാകരുതെന്നും സർക്കാർ നിർദ്ദേശമുണ്ടെന്നിരിക്കെ അവയുടെ പരിപാലനം പഞ്ചായത്ത് തന്നെ തുടർന്നു കൊണ്ട് പോകുന്നത് അഭിലഷണീയമല്ല. ആയതിനാൽ ടി പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മിനുട്സ് സൂക്ഷിപ്പ് - അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ 2013-14, 2014-15 വർഷങ്ങളിലെ മിനുട്സ് സൂക്ഷിപ്പിൽ (മിനുട്സ് എന്ന പേരിൽ തീരുമാനം രജിസ്റ്ററാണ് ഹാജരാക്കിയിട്ടുള്ളത്) താഴെ പറയുന്ന അപാകതകൾ കണ്ടു.
എ) രജിസ്റ്ററിൽ തീരുമാനം രേഖപ്പെടുത്തുമ്പോൾ തുടർച്ചയായി ക്രമ നമ്പർ നൽകി തീരുമാനം രേഖപ്പെടുത്താതെ, ഇടയിൽ ധാരാളം പേജുകൾ ഒഴിച്ചിടുന്നതായി കണ്ടു.(ഉദാഹരണം. 26.2.13 ലെ മിനുട്സിൽ 77 മുതൽ 82 വരെ പേജുകൾ) ഇത് പിന്നീട് പഞ്ചായത്ത് കമ്മിറ്റി നിയമപ്രകാരം എടുക്കാത്ത തീരുമാനങ്ങൾ എഴുതി ചേർക്കുന്നതിന് സാഹചര്യം ഒരുക്കും എന്നതിനാൽ ഗുരുതരമായ വീഴ്ചയാണ്.
ബി) തീരുമാനങ്ങൾക്ക് ആസ്പദമായ അജണ്ട ഭൂരിഭാഗം തീരുമാനങ്ങൾക്ക് നേരെയും രേഖപ്പെടുത്തിയിട്ടില്ല.
സി) തീരുമാനങ്ങൾ രേഖപ്പെടുത്തിയശേഷം പല മീറ്റിങ്ങുകളുടെ മിനുട്സുകളും ക്ലോസ് ചെയ്യാതെ വച്ചതായി കണ്ടു. (ഉദാഹരണം. 26.6.13 ലെ മിനുട്സ്) ഇത് പിന്നീട് അനധികൃതമായി തീരുമാനങ്ങൾ എഴുതി ചേർക്കുന്നതിന് അവസരമൊരുക്കും എന്നതിനാൽ വളരെ ഗുരുതരമായ വീഴ്ചയാണ്.

ഡി) 1995 ലെ കേരള പഞ്ചായത്തിരാജ് (പഞ്ചായത്തിന്റെ യോഗ നടപടി)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മിറ്റി യോഗമിനുട്സ് എഴുതി സൂക്ഷിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ മിനുട്സ് പരിശോധിച്ചപ്പോൾ ആയത് ധാരാളം പേർ എഴുതിയിട്ടുള്ളതായി (വിവിധ വ്യക്തികളുടെ കൈപ്പടയിൽ നിന്നും വ്യക്തമായത്) കണ്ടു. ഇത് ചട്ട ലംഘനമാണ്.

ഇ) 26.6.13 ലെ മിനുട്സിലെ 8 -ാം നമ്പർ തീരുമാനത്തിന് നേരെ ഒന്നും എഴുതിയിട്ടില്ല. മിനുട്സ് രേഖപ്പെടുത്തുന്നതിന് ഒട്ടും ഗൗരവം നൽകിയിട്ടില്ല എന്നതിന് ഇത് വ്യക്തമായ ഉദാഹരണമാണ്. ഒഴിച്ചിട്ട ഭാഗത്ത് പിന്നീട് ആവശ്യാനുസരണം യുക്തമായ തീരുമാനം എഴുതി ചേർക്കാം എന്നതിനാൽ ഇത് ഗുരുതരമായ വീഴ്ചയാണ്.

എഫ്) 24.7.2013 ലെ യോഗമിനുട്സിലെ 2(1)-ാം നമ്പർ തീരുമാനം 4(1)-ാം നമ്പർ തീരുമാനത്തിന് ശേഷമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സാധാരണ അജണ്ട രേഖപ്പെടുത്തുന്നതിന് ഒഴിച്ചിടുന്ന മിനുട്സിലെ ഇടതു പേജിലാണ് ഈ തീരുമാനം രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ഈ തീരുമാനം പിന്നീട് എഴുതിച്ചേർത്തതാണെന്ന് വ്യക്തമാണ്. ഇത് ചട്ട വിരുദ്ധമാണ്. മിനുട്സ് രേഖപ്പെടുത്തുന്നതിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-12 തെരുവു വിളക്കുകൾ- എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

കപ്പൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു വേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 30992/- രൂപ വീതവും 2014-2015-ൽ പ്രതിമാസം ശരാശരി 42343/- രൂപ വീതവും വിദ്യുച്ഛക്തി ബോഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനം വിളക്കുകൾ എത്രയെണ്ണം യഥാർത്ഥത്തിൽ പ്രകാശിക്കുന്നു എന്നത് സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്തിന്റെ കൈവശമില്ല. ഓഡിറ്റിനു ഹാജരാക്കിയ തെരുവുവിളക്ക് രജിസ്റ്ററിൽ 2013-2014 മുതൽ യാതൊരു രേഖപ്പെടുത്തലുകളുമില്ല. പ്രകാശിക്കുന്ന തെരുവുവിളക്കുകളുടെ യഥാർത്ഥഎണ്ണവും ഇനവും, K.S.E.B യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണ്ടെത്തുകയും അതനുസരിച്ച് തയ്യാറാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് ചെയ്യാത്ത പക്ഷം , പഞ്ചായത്തിന്റെ പരിമിതമായ തനത് ഫണ്ടിന് നിരന്തരമായ നഷ്ടം വരാനുള്ള സാധ്യതയുള്ളതിനാൽ എത്രയും പെട്ടെന്ന് സംയുകത പരിശോധന നടത്തി ഒടുക്കേണ്ട യഥാർത്ഥ തുക നിശ്ചയിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## 3-13 വിവിധ ക്ലബ്ബുകൾക്ക് പത്ര വിതരണം- പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗം- അടിയന്തിരമായി നിർത്തലാക്കണം

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള 5 ക്ലബ്ബുകൾക്ക് പത്ര വിതരണത്തിനു വേണ്ടി ഓഡിറ്റ് വർഷങ്ങളിൽ പ്രതിമാസം ശരാശരി 5100/- രൂപയോളം തനതു ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട്, ഓഡിറ്റിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിൽ പരിശോധന നടത്തി. പല ക്ലബ്ബുകളും സാധാരണ ഗതിയിൽ പ്രവർത്തിക്കുന്നില്ലെന്നും, ലഭിക്കുന്ന പത്രങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്നും ബോധ്യപ്പെട്ടു. തുറന്നു പ്രവർത്തിക്കാത്ത ക്ലബ്ബുകളുടെ കെട്ടിടങ്ങളുടെ മുൻവശത്ത് പത്രങ്ങൾ അലക്ഷ്യമായി ചിതറിക്കിടക്കുന്നതായി പരിശോധനയിൽ കണ്ടെത്തി.

മേൽ പറഞ്ഞ ക്ലബ്ബുകൾക്ക് നിയമപരമായ രജിസ്ട്രേഷൻ ഉണ്ടോ എന്നുപോലും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഓരോ ക്ലബ്ബിനും 4 വീതം പത്രങ്ങൾക്കുള്ള തുക മാസാമാസം പഞ്ചായത്ത്

ചെലവിടുന്നുണ്ടെങ്കിലും പല ക്ലബ്ബുകളിലും എല്ലാ ദിവസവും പത്രങ്ങൾ കിട്ടുന്നില്ലെന്ന് അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടു. മാത്രമല്ല, പല ക്ലബ്ബുകളും പ്രവർത്തന രഹിതമായതി നാൽ, കിട്ടുന്ന പത്രങ്ങൾ തന്നെ സൂക്ഷിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. ഓരോ മാസവും ഈയിനത്തിൽ പഞ്ചായത്ത് ഫണ്ട് പാഴായിക്കൊണ്ടിരിക്കുന്നു. കാര്യമായ വരുമാനസ്രോതസ്സുകളൊന്നുമില്ലാത്ത പഞ്ചായത്ത് അതിന്റെ അടിയന്തിരച്ചെലവുകൾക്ക് തന്നെ പണം കണ്ടെത്താൻ പ്രയാസമനുഭവിക്കുന്ന പശ്ചാത്തലത്തിലാണ് ഇത്തരത്തിൽ പരിമിതമായ വിഭവങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നത്. ആയതിനാൽ ഈ പാഴ്ചെലവുകൾ നിർത്തലാക്കാൻ പഞ്ചായത്ത് ഭരണ സമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഓഫീസ് വാഹനം - ശരിയായി പരിപാലിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഓഫീസ് വാഹനത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് പരിപാലിച്ചു വരുന്ന ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ കൃത്യമോ ആധികാരികമോ അല്ല. ബിൽ രജിസ്റ്റർ, ലോഗ്ബുക്ക് എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ വാങ്ങിയ ഇന്ധനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ അളവും ബിൽ രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല)
2. വാങ്ങിയ ഇന്ധനത്തിന്റെ അളവും ഓടിയ കിലോമീറ്ററും സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കുന്നില്ല. ആയതിനാൽ അമിതമായി ഇന്ധനം വാങ്ങുന്നില്ല എന്നുറപ്പു വരുത്താനാവുന്നില്ല.
3. വാഹനത്തിന്റെ ഇന്ധനോപയോഗക്ഷമതാസാക്ഷ്യപത്രം ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.
4. പലപ്പോഴും വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയ അധികാരികൾ ലോഗ്ബുക്കിൽ ഒപ്പുവെച്ചിട്ടില്ല. ആയതിനാൽ ഈ കാലയളവിൽ, ടി അധികാരികൾ വാഹനം ഉപയോഗിച്ചിട്ടുണ്ടെന്നുറപ്പു വരുത്താനായിട്ടില്ല. ഉദാ:- 15.7.14 മുതൽ 3.08.14 വരെയുള്ള വിവിധ തീയ്യതികളിൽ ഓഫീസ് വാഹനം 2734 കിലോമീറ്റർ ഓടിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡണ്ടും ജീവനക്കാരും ഉപയോഗിച്ചുവെന്ന് ലോഗ്ബുക്കിൽ രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും ടി വ്യക്തികൾ രജിസ്റ്ററിൽ ഒപ്പു വെച്ചിട്ടില്ല.

വാഹനം ശരിയായ രീതിയിൽ ഉപയോഗിക്കുന്നു എന്നുറപ്പു വരുത്താൻ, വാഹനത്തിന്റെ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ സെക്രട്ടറിയും കൂടാതെ ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-15 തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല

2013-14 വർഷത്തെ ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചറുകൾ കാഷ് ബുക്കിലെ ചെലവ് ക്രമത്തിൽ വൗച്ചർ നമ്പർ നൽകി സൂക്ഷിക്കാത്തതായും, വൗച്ചറിനൊപ്പം സൂക്ഷിക്കേണ്ട മസ്റ്റർ റോളുകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ടുകൾ എന്നിവ യാതൊരു ക്രമവുമില്ലാതെ സൂക്ഷിച്ചതായും കണ്ടു. ആയതിനാൽ പ്രസ്തുത വൗച്ചറുകൾ ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കാൻ കഴിഞ്ഞിട്ടില്ല. വിഷയം അടിയന്തിര പരിഹാര നടപടികൾക്കായി ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2013-14 | 201901(ജില്ലാ പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 201901 | 0 |

| | | | | |
|---|---|---|---|---|
| --do-- | 202500(ജില്ലാ പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 202500 | 0 |
| --do-- | 134600(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 134600 | 0 |
| 2014-15 | 225000(ജില്ലാ പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 225000 | 0 |
| ---do-- | 135000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 135000 | 0 |
| ---do-- | 135000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി | 135000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം/ ഡി.ഡി,നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| നിർമ്മിതികേന്ദ്രം, പാലക്കാട് | മൃഗാശുപത്രി കെട്ടിടനിർമ്മാണം | 059031/6-11-2014 | 340000/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ---do--- | ---do--- | 059920/6-1-2015 | 340000/- | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

FD No.521389/27/3/2015(PDC ബാങ്ക്,പടിഞ്ഞാറങ്ങാടി)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്നസ്ഥിര നിക്ഷേപം | 375010 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ വരവ്(2013-14) | 48316 |
| പിൻവലിച്ച തുക | ഇല്ല |
| 31-3-2014ലെ നീക്കിയിരിപ്പ് | 423326 |
| പലിശവരവ് (2014-15) | 18789 |
| 31-3-2015 ലെ നീക്കിയിരിപ്പ് | 442115/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2008-09 to 2010-11 | 3-6 | 1000 | ഷിജി.പി.പി, അക്കൗണ്ടന്റ് | Rt.No.11301103385/ 19-3-14 |
| --do- | 2-1 | 600 | രതീനാഥ് ആർ, ജൂനി. സൂപ്രണ്ട് | Rt.No.11401106006/ 27-2-15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39(1) | 2001-02 | 5-9-1 | റോഡ്പണി ഭാഗികമാക്കി അവസാനിപ്പിച്ചത് | അന്തിമ തീരുമാനമായിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2013-14 | 2014-15 |
| | 56617057 | 70846113 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53382824 | 66608569 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല | |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 104027/- | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1690500 | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 87060/- | ഡി.സുരേഷ് കുമാർ,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 13537/- | സുധ.എൻ.എസ്, അസി.എഞ്ചിനീയർ |
| 3-3 | | 3430/- | ഡി.സുരേഷ് കുമാർ,സെക്രട്ടറി |
| **ആകെ** | | **104027/-** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1516350/- | ഡി.സുരേഷ് കുമാർ,സെക്രട്ടറി |
| 3-5 | 174150/- | --do-- |
| ആകെ | 1690500/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡി.സുരേഷ് കുമാർ,സെക്രട്ടറി | റിട്ടയേർഡ് | ശ്രീപദ്മം,ചീരക്കുഴി, കിഴക്കഞ്ചേരി, പാലക്കാട് ജില്ല |
| സുധ.എൻ.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കപ്പൂർ ഗ്രാമപഞ്ചായത്ത് | നടുവിലത്തേതിൽ, മഞ്ഞക്കാട് ഷൊർണ്ണൂർ, പാലക്കാട് ജില്ല, പിൻ-679121 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00/11-12-00 | -do- |
| 1999-00 | LFP11-28/05/29-08-2005 | -do- |
| 2000-01 | LFP11-733/06/16-10-2006 | -do- |
| 2001-02 | LFP11-734/06/16-10-2006 | -do- |
| 2002-03 | LFP11-1617/08/2-1-2010 | -do- |
| 2003-04 | LFP11-1618/08/2-1-2010 | -do- |
| 2004-05 | LFP11-1619/08/2-1-2010 | -do- |
| 2005-06 | LFP20-1006/11/3011-11 | -do- |
| 2006-07 | LFP20-1007/11/3011-11 | -do- |
| 2007-08 | LFP20-1008/11/30-11-11 | -do- |
| 2008-09 | LFP20-75/13/22-3-13 | -do- |
| 2009-10 | LFP20-75/13/22-3-13 | -do- |
| 2010-11 | LF6-20/75/13/22-3-13 | -do- |

| | | |
|---|---|---|
| 2011-12 | LFP20-1276/14/10-10-2014 | -do- |
| 2012-13 | LFP20/882/15/26-08-2015 | -do- |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**